പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3343 — 14/10/2011 ൽ മറുപടിയ്ക്ക്

## സാന്ത്വന പരിചരണ നയം നടപ്പിലാക്കൽ

ചോദ്യം — ഉത്തരം

ശ്രീ. പി.കെ.ബഷീർ:
ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:
ശ്രീ. സി.മമ്മൂട്ടി:
ശ്രീ.എൻ.എ.നെല്ലിക്കുന്ന്:

ഡോ. എം.കെ. മുനീർ:
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ലോകത്ത് ആദ്യമായി സാന്ത്വന പരിചരണ നയം (പാലിയേറ്റീവ് കെയർ പോളിസി) നടപ്പിലാക്കിയ സംസ്ഥാനമായ കേരളത്തിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹോം കെയർ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്; | (എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിയിലൂടെ ഹോംകെയർ സംവിധാനം കൊല്ലം കോർപ്പറേഷനിലും, വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലും പാലക്കാട് മുനിസിപ്പാലിറ്റിയിലും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. |
| (ബി) സർക്കാർ അനുമതിയും, മതിയായ ഫണ്ടും ലഭ്യമായിട്ടും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാകാതെ പോയതിന്റെ കാരണം വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ മറ്റു 11 ജില്ലാ ആസ്ഥാനങ്ങളിലെ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിൽ പ്രസ്തുത സംവിധാനം നിർവ്വഹിക്കുന്നതിനാവശ്യമായ മെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ എൻ.ആർ.എച്ച്.എം-ന്റെ ജില്ലാ പ്രോഗ്രാം മാനേജർമാർ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. മെഡിക്കൽ സ്റ്റാഫിന്റെ നിയമനം പൂർത്തിയായാലുടൻ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹോം കെയർ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാവുന്നതാണ്. |
| (സി) പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

R. Vijayakumar

സെക്ഷൻ ഓഫീസർ